
# വല്യേട്ടൻ നോക്കിക്കാണുന്നുണ്ട്!

ഡോ. കെ. അഹ്മദ് അൻവർ

**അഭിപ്രായ ഭിന്നതയെ അസഹനീയമായി കാണുന്ന സാംസ്കാരിക ഫാഷിസം തങ്ങളുടെ ജീർണതകളെ ചോദ്യം ചെയ്യുന്നവരെ അടക്കിനിർത്താൻ കൂടുതൽ കാണാനിയന്ത്രണങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. 'ഒന്നുകിൽ ഞങ്ങൾക്കൊപ്പം അല്ലെങ്കിൽ ഞങ്ങൾക്കെതിര്' എന്ന ബ്ലാക് ഓർ വൈറ്റ് തിട്ടൂരത്തിന് മുമ്പിൽ ഓച്ചാനിച്ചു നിൽക്കുന്ന 'ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ'വും ഈ ദിശയിൽതന്നെയാണ് സഞ്ചാരം. ചോദ്യങ്ങളും സന്ദേഹങ്ങളും ഉയർത്തുന്നവരെ 'അപര'ന്മാരാക്കി ഫോബിയ ആവർത്തിക്കാനും, മടിയില്ലാതെ ഇറാഖുകളും അഫ്ഗാനിസ്താനുകളും ഗ്വാണ്ടനോമകളും ആവർത്തിക്കാനും ഈ 'ലിബറലിസ'ത്തിന് കഴിയുന്നു.**

**സാഹിത്യ** ചരിത്രത്തിലെ നാഴികക്കല്ലായിരുന്ന ജോർജ് ഓർവെലിന്റെ 'അനിമൽ ഫാം' എന്ന ആക്ഷേപഹാസ്യ നോവൽ കൂടുതൽ കൂടുതൽ സമകാലിക പ്രസക്തി ആർജിച്ചുകൊണ്ടിരിക്കുകയാണ്. കമ്യൂണിസ്റ്റ് ഏകാധിപത്യത്തിലെ ജനങ്ങളുടെ ദുരവസ്ഥയാണ് അതിൽ ചിത്രീകരിക്കുന്നത്. പക്ഷേ, അതിനെ പാടിപ്പുകഴ്ത്തിയ പാശ്ചാത്യ ലിബറൽ ജനാധിപത്യത്തിലെ കോർപറേറ്റ് അധിനിവേശ മനഃസ്ഥിതി നയിക്കുന്ന സംവിധാനത്തിലും 'അനിമൽ ഫാമി'ന്റെ ദംഷ്ട്രങ്ങൾ ആഴത്തിൽ പതിയുന്നുണ്ട്. അഭിപ്രായ ഭിന്നതയെ അസഹനീയമായി കാണുന്ന ഈ സാംസ്കാരിക ഫാഷിസം തങ്ങളുടെ ജീർണതകളെ ചോദ്യം ചെയ്യുന്നവരെ അടക്കിനിർത്താൻ കൂടുതൽ കാണാനിയന്ത്രണങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. 'ഒന്നുകിൽ ഞങ്ങൾക്കൊപ്പം അല്ലെങ്കിൽ ഞങ്ങൾക്കെതിര്' എന്ന ബ്ലാക്




ഓർ വൈറ്റ് തിട്ടൂരത്തിന് മുമ്പിൽ ഓച്ചാനിച്ചു നിൽക്കുന്ന 'ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ'വും ഈ ദിശയിൽതന്നെയാണ് സഞ്ചാരം. ചോദ്യങ്ങളും സന്ദേഹങ്ങളും ഉയർത്തുന്നവരെ 'അപര'ന്മാരാക്കി ഫോബിയ ആവർത്തിക്കാനും, മടിയില്ലാതെ ഇറാഖുകളും അഫ്ഗാനിസ്താനുകളും ഗ്വാണ്ടനോമകളും ആവർത്തിക്കാനും ഈ 'ലിബറലിസ'ത്തിന് കഴിയുന്നു.

പൗരന്റെ സ്വകാര്യതകളിലേക്ക് എത്തിനോക്കാനും അവന്റെ മനോഗത

ങ്ങളെ നിയന്ത്രിക്കാനും അടിച്ച മർത്താനും 'ജനകീയ ജനാധിപത്യ' സർക്കാറുകൾ ശ്രമിക്കുന്നത് പുത്തരി യല്ല. തങ്ങളുടെ ഭൂമിശാസ്ത്ര അതിരു കൾക്കപ്പുറത്ത് ഉപജാപങ്ങളും അട്ടിമറി കളും നടത്തുന്ന അജണ്ടകളുടെ നട ത്തിപ്പ് സി.ഐ.എ, മൊസാദ് ചാര ശൃംഖലകളിൽ മാത്രം പരിമിതമല്ല. മാഫിയാ സംഘങ്ങളുടെ കൈവിരുതു കൾ സർക്കാറുകൾ സ്വന്തമാക്കുമ്പോൾ ന്യായീകരണമായി രാജ്യസ്നേഹത്തി ന്റെയും സുരക്ഷയുടെയും ലേബലുക ളുണ്ടെന്ന് മാത്രം.

'വല്യേട്ടൻ നോക്കിക്കൊണ്ടിരി ക്കുന്നുണ്ട്' (Big Brother is Watching) എന്ന 'അനിമൽ ഫാമി'ലെ പ്രസ്താവന അന്വർഥമാക്കുമാറ്, പൗര സഞ്ചയത്തിന് കാണാൻ പറ്റാത്ത കണ്ണുകളും ചെവികളും നിയന്ത്രണ ങ്ങളും ഭരണകൂടം ഏർപ്പെടുത്തിക്കൊ ണ്ടിരിക്കുകയാണ്. സ്വകാര്യതകൾ ഇല്ലാതാക്കുന്ന സാങ്കേതിക വിദ്യകൾ കൂട്ടിനുണ്ട് താനും.

വലിയ കൊട്ടും കുരവയുമൊന്നു മില്ലാതെ യു.പി.എ ഗവൺമെന്റ് നടപ്പി ലാക്കാൻ തുടങ്ങിയ, ഇന്ത്യയിലെ ഓരോ പൗരനും വ്യതിരിക്തമായ ഒരു 'യുനീക്ക് ഐഡന്റിറ്റി നമ്പർ' (UIN) നൽകുന്ന പദ്ധതിയെ ഈ ഭയത്തോടെ വേണം കാണാൻ.

നമുക്കിപ്പോൾ തന്നെ പലതരം തിരിച്ചറിയൽ കാർഡുകളുണ്ട്. ഇലക്ട റൽ ഐഡന്റിറ്റി കാർഡ്, റേഷൻ കാർഡ്, എസ്.എസ്.എൽ.സി സർട്ടിഫി ക്കറ്റ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, ഇൻകം ടാക്സ് പാൻ കാർഡ്, ആരോഗ്യ ഇൻഷുറൻസ് കാർഡ്, ഇ.എസ്.ഐ കാർഡ് എന്നി ങ്ങനെ. ഇരട്ട ആനയുടെയോ (കേരളം) അശോക ചക്രസ്തംഭത്തിന്റെയോ (ഇ ന്ത്യ) ചിഹ്നമുള്ള ഏതു കാർഡും ഔദ്യോഗികാവശ്യങ്ങൾക്ക് വേണ്ടി വന്നേക്കാം. ഇവയെ ഉൾക്കൊള്ളു ന്നതും കവച്ചുവെക്കുന്നതും ഒരുപക്ഷേ അനാവശ്യമാക്കുന്നതുമായ ഒന്നാണ്, നടപ്പിൽ വരുത്താൻ തുടങ്ങിയ യു. ഐ.ഡി.

ഇതിന്റെ പുറത്തേക്ക് പറയുന്ന ഉദ്ദേശ്യ ലക്ഷ്യങ്ങൾ മഹത്തരങ്ങളാണ്. ക്ഷേമനിധികളടക്കം സർക്കാറിൽനിന്ന് പൗരന് ലഭിക്കാവുന്ന വിവിധതരം സേവനങ്ങൾ ഉപഭോക്താക്കൾക്ക് എളു പ്പത്തിൽ ലഭ്യമാക്കുക, അവയുടെ ദുരു പയോഗം തടയുക (ടാർജറ്റിംഗ് എന്ന ഭംഗിവാക്കാണിതിനുപയോഗിക്കുന്നത്. 'പരിമിതപ്പെടുത്തുക' എന്ന് യഥാർഥ ഉദ്ദേശ്യം), ദേശ സുരക്ഷാ സംബന്ധി യായ മുൻകരുതലുകളെടുക്കുക, വിക സന പ്രവർത്തനങ്ങൾക്ക് ത്വരകമാവുക എന്നിവയൊക്കെയാണവ. 'ബംഗ്ലാദേശി കൾ' എന്നും അല്ലാതെയും പേരിട്ടു 'പൗരത്വരഹിതരെ' പ്രായ ലിംഗ ഭേദമ ന്യേ, പക്ഷേ മറ്റു രാഷ്ട്രീയ-വംശ-മത- പാരമ്പര്യ വിവേചനങ്ങൾക്ക് വിധേയരാ യി പുറത്താക്കുക എന്ന് മറ്റൊരു ഭാഷ്യ വുമാകാം. വാടക വീടുകൾ അലഭ്യമാ ക്കുക, വിദ്യാലയ പ്രവേശം തടയുക എന്നിവയും കൂട്ടത്തിൽ അവർക്കെ തിരെ ആകാം. പക്ഷേ, ഇതിലപ്പുറം കാണാച്ചുഴികളും അപകടങ്ങളും പതി യിരിക്കുന്നതിന്റെ സാധ്യതകൾ കാണാ തിരുന്നു കൂടാ.

നിർഭാഗ്യവശാൽ, നമ്മുടെ രാഷ്ട്രീയ കക്ഷികളും മീഡിയയും ബുദ്ധിജീവികളും മനുഷ്യാവകാശ പ്രവർത്തകരും ഈ പദ്ധതിയെക്കുറിച്ച് വിശദമായ ചർച്ചകൾക്ക് ഇതുവരെ മുന്നോട്ടുവന്നിട്ടില്ല. അങ്ങിങ്ങ് ചില എതിർ ശബ്ദങ്ങൾ ഒഴിച്ചാൽ.

ഒരു സാമ്പത്തിക മഹാശക്തി യായി ഇന്ത്യ ഉയരുന്നതിനുള്ള ഒരു പ്രധാന തടസ്സം ഈ തിരിച്ചറിയൽ രേഖയുടെ അഭാവമാണോ? ഇന്ത്യ യിലെ ഭരണ സംവിധാനങ്ങളിൽ ഗുണ പരമായ മാറ്റം വരുത്താൻ തിരിച്ചറിയൽ (രേഖാ) ബന്ധിതമായ സാങ്കേതിക വിദ്യക്ക് മാത്രമായി കഴിയുമോ? ഇതെല്ലാം അതിമോഹങ്ങൾ മാത്രമാണ്. രാഷ്ട്രീയമായി പരമ അജ്ഞന്മാർക്ക് മാത്രമേ ഇതിന്റെ ദൂരവ്യാപക പ്രത്യാ ഘാതങ്ങൾ കണ്ടില്ലെന്ന് നടിക്കാനാകൂ.

ഒന്ന്, ജനങ്ങളുടെ പൗരസ്വാത ന്ത്ര്യത്തെയും സ്വകാര്യതയെയും ഇത് ഹനിക്കും. രണ്ട്, റേഷൻ കാർഡാ യാലും ഇലക്ടറൽ കാർഡായാലും പാസ്പോർട്ടായാലും ഏതെങ്കിലും ഒരാൾ ക്രിമിനലുദ്ദേശ്യത്തോടെ ഒന്നില ധികം സ്വന്തമാക്കുന്നത് തടയാൻ, ഈ പദ്ധതിതയുടെ മൂലശിലയായ ബയോ മെട്രി സാങ്കേതികവിദ്യക്ക് കഴിയുമെന്ന് ഒരു ഉറപ്പുമില്ല. 'അനവധി കോടി ആൾക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കു ന്നതിൽ ബയോമെട്രി സംവിധാന ത്തിന്റെ കെൽപോ, വിരലടയാള ങ്ങൾ സൂക്ഷിക്കുന്നതിന്റെ ഗുണ മേന്മയോ നിർണയിക്കുന്നതിനായി മതിയായ ആഴത്തിലുള്ള വിശകല നങ്ങൾ ഇന്ത്യയിൽ നടന്നിട്ടില്ല' എന്ന് പറയുന്നത് മറ്റാരുമല്ല, യൂനീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ(ഈ പദ്ധതി നടപ്പാക്കാൻ ഭരമേൽപിക്ക പ്പെട്ട ഔദ്യോഗിക സംവിധാനം. ചെയർമാൻ നന്ദൻ നിലേകാനി) യുടെ ബയോ മെട്രിക് സ്റ്റാൻഡാർഡ്സ് കമ്മിറ്റി തന്നെയാ ണ്.

മൂന്ന്, ആവശ്യമായി വരുന്ന ചെലവുമായി തട്ടിച്ചുനോക്കു മ്പോൾ ലഭിക്കാവുന്ന പ്രയോജന ങ്ങളെക്കുറിച്ചോ (cost effectiveness), അതിന്റെ പ്രായോഗികത യെക്കുറിച്ചോ (feasibility) ആധി കാരികമായ ഒരു റിപ്പോർട്ടും ഇതു വരെ ഉണ്ടായിട്ടില്ല.

നാല്, ഈ പദ്ധതികൊ ണ്ടുണ്ടാകുമെന്ന് ഘോഷിക്കപ്പെ ടുന്ന സാമൂഹിക നേട്ടങ്ങൾ (ഉദാ: ഭക്ഷ്യ-ഭക്ഷ്യേതര വസ്തുക്കളുടെ നീതിപൂർവകമായ വിതരണം, റേഷനിംഗ്) ഒരു വലിയ മായയാ ണ്. ഒന്നിലധികം റേഷൻ കാർഡു കൾ കൈവശമുള്ളവരുടെ കണ ക്കുകൾ ഊതിവീർപ്പിക്കപ്പെട്ടവ യാണ് (കാർഡേ ഇല്ലാത്തവരുടെ കണക്കുകൾ വളരെ ലോപീകരിച്ച തും). മാത്രമല്ല, ഇരട്ട റേഷൻ കാർഡുകളുടെ പ്രശ്നം പരിഹരി ക്കാൻ താരതമ്യേന ചെലവ് കുറ ഞ്ഞ, 'താണ'തരം സാങ്കേതിക വിദ്യ(ഉദാ: ഹോളോഗ്രാം) മതി യാണ് താനും.

ഇവിടെയാണ് ഈ യു. ഐ.ഡി പ്രോജക്ടിന്റെ രണ്ട് പ്രധാന രാഷ്ട്രീയ വശങ്ങൾക്ക് പ്രസക്തി വരുന്നത്. ഒന്ന്, 'സുരക്ഷാ പ്രധാനം'. (ആരുടെ സുരക്ഷ? രാജ്യത്തിന്റെയോ, പൗര ന്മാരുടെയോ, ബഹുരാഷ്ട്ര കുത്ത കകളുടെയോ, ഇന്ത്യൻ ധനികരു ടെയോ, രാഷ്ട്രീയ നേതൃത്വത്തി ന്റെയോ, ഭരണകക്ഷിയുടെയോ, ഉദ്യോഗസ്ഥ വൃന്ദത്തിന്റെയോ എന്നത് വ്യംഗ്യം).

ദേശസുരക്ഷാ ഹിസ്റ്റീരിയ ഇളക്കിവിട്ട് സ്വാർഥ രാഷ്ട്രീയ നേട്ടങ്ങൾ കൊയ്യാൻ ഈ പദ്ധതിയെ ഉപയോഗപ്പെടുത്താനുള്ള സാധ്യത ഗൗരവമായെടുത്തേ തീരൂ. തെളിയിക്കപ്പെടാനാകാത്ത, ഘോഷിക്കപ്പെടുന്ന ലക്ഷ്യമായ 'സദ്ഭരണം' എന്ന നേട്ടം പൗരാവകാശ–സ്വകാര്യതാവകാശ ഹനനം എന്ന 'ചെറിയ' കോട്ടത്തെ കവച്ച് വെക്കും എന്നാണ് സർക്കാറിന്റെയും യു.ഐ.ഡി അതോറിറ്റി ഓഫ് ഇന്ത്യ (UIDA)യുടെയും ഭാഷ്യം. ഇവിടെയാണ് പ്രശ്നം. അമർത്യാ സെന്നിനെ പോലുള്ള പ്രഗത്ഭരുടെ മേൽനോട്ടത്തിൽ, വ്യക്തി സ്വാതന്ത്ര്യത്തെക്കുറിച്ച ഗവേഷണ പഠനങ്ങൾക്ക് പറയാനുള്ളത് മറ്റൊന്നാണ്: അന്തിമ വിശകലനത്തിൽ, ഭവിഷ്യത്തുകളെക്കുറിച്ച അവധാനതയിൽനിന്ന് മുക്തമായ മൗലികാവകാശ ഭേദഗതികൾ രാഷ്ട്ര സുരക്ഷക്ക് വാസ്തവത്തിൽ ഭീഷണിയാണ് സൃഷ്ടിക്കുക എന്നതാണ് അത്. ജനതയുടെ വിശ്വാസവും സംതൃപ്തിയും ക്ഷേമവുമാണ് രാഷ്ട്ര സുരക്ഷയുടെ ഏറ്റവും വലിയ ഉറപ്പ്. അല്ലാതെ അവരുടെ ധിഷണകളെയും ചിന്തകളെയും വ്യക്തി സ്വാതന്ത്ര്യങ്ങളെയും ഹനിച്ചുകൊണ്ടും, ശക്തിയും അധികാരവും മുഖേന അടിച്ചേൽപിക്കുന്ന നിയന്ത്രണങ്ങൾ കൊണ്ടുമല്ല. സ്വാതന്ത്ര്യം കൈവിട്ടു പകരം വാങ്ങുന്ന സുരക്ഷ മരീചികയായി മാറും (ഇവിടെ 'വികസന ക്ഷേമപദ്ധതികൾക്ക്' പകരമായി സ്വകാര്യതാ–വ്യക്തി സ്വാതന്ത്ര്യങ്ങൾ വിൽക്കുന്നു). ഓരോ ചെറിയ സ്വാതന്ത്ര്യവും പ്രയുക്തമാണ്. ഏതെങ്കിലും ഒന്നിന്റെ നഷ്ടം സർവതോമുഖമായ വ്യക്തിത്വ വികസനത്തിന്റെ അഭാവത്തിൽ രാഷ്ട്ര വികസനത്തെ മൊത്തം ബാധിക്കും, അനതിവിദൂര ഭാവിയിൽ. അതുകൊണ്ടാണല്ലോ സ്വേഛാധിപത്യത്തിലെ താൽക്കാലിക അച്ചടക്കവും വ്യവസ്ഥയും മികവും അധികാകാലം നിലനിൽക്കുകയില്ല എന്നും ജനാധിപത്യത്തിലൂടെ പതുക്കെ വരുത്താവുന്ന പ്രസ്തുത ഗുണങ്ങൾക്ക് പകരമാവില്ലെന്നും നാമറിയുന്നത്. ഇടവേളയിലെയും സ്വാതന്ത്ര്യപൂർവ കാലത്തെയും അനുഭവങ്ങൾ നമ്മെ അത് പഠിപ്പിച്ചിട്ടുണ്ട്. അമർത്യാ സെൻ തന്നെ യു.ഐ.ഡിയെക്കുറിച്ച തന്റെ ഉത്കണ്ഠകൾ തുറന്നു പറഞ്ഞതിൽ അത്ഭുതമില്ല.

ഈ ബയോമെട്രിക് ഡാറ്റാ ബേസിലേക്കുള്ള പ്രവേശം പോലീസിനും സുരക്ഷാ ഏജൻസികൾക്കും സുഗമമാണെങ്കിൽ, മതിയായ കാരണങ്ങളില്ലാതെ തന്നെ തീരാത്ത പോലീസ് അന്വേഷണങ്ങളും കേസുകളും ചാരനോട്ടങ്ങളുമായിരിക്കും ഫലം. മനുഷ്യാവകാശങ്ങളുടെ വ്യാപക ലംഘനങ്ങൾ പോലീസ് രാജിലേക്കത് നയിക്കും. കുറ്റം തെളിയിക്കപ്പെടും വരെ ഒരാളും അപരാധിയാകുന്നില്ല എന്ന തത്ത്വം കുഴിച്ചുമൂടപ്പെടും. ഓരോ പൗരനെയും സത്യസന്ധനായും നിഷ്കളങ്കനായും ആദരണീയനുമായി കാണുന്നതിന് പകരം, ഇത്തരം പോലീസ് അന്വേഷണങ്ങൾ വൃത്തികെട്ട രൂപം പ്രാപിച്ച് ഓരോരുത്തരും ഒരു ക്രിമിനലാകാനാണ് സാധ്യത എന്ന തത്ത്വം രൂപപ്പെടും.

ഇപ്പോൾതന്നെ, വൈരനിര്യാതനാർഥവും വ്യക്തിഗത സ്വാർഥലാഭത്തിനും പ്രതികാരത്തിനും വേണ്ടി പോലീസിലും ഗവൺമെന്റിലും ഉദ്യോഗതലത്തിലും രാഷ്ട്രീയതലത്തിലും ഉള്ള മേലാളന്മാരും കീഴാളന്മാരും, നിരപരാധികളെ കള്ളക്കേസുകളിൽ കുടുക്കുകയും വ്യാജ ഏറ്റുമുട്ടലുകളിൽ കൊല്ലുകയും ചെയ്യുന്ന നമ്മുടെ സമൂഹത്തിൽ ഇതു കൂടി വന്നാൽ പാവം പൗരന്മാർ ചെന്നായ്ക്കൾക്കിടയിൽ പെട്ട ആട്ടിൻകുട്ടികളായി മാറും. രാജൻ–വർഗീസ് വധക്കേസ്സുകൾ, ഷോപ്പിയാനിലെ വധങ്ങൾ, ഇറോൻ ശർമിള നിരാഹാര സമരം ചെയ്യുന്നതിനിടയാക്കിയ സംഭവങ്ങൾ, മഅ്ദനിയുടെ അനുഭവം ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ നമ്മുടെ കൺമുന്നിലൂടെ ദിവസേനയെന്നോണം മിന്നി മറയുന്നു!

സാമൂഹിക മണ്ഡലത്തിൽ സ്റ്റേറ്റിന്റെ പുനഃസംവിധാനത്തിലേക്ക് നയിക്കും യു.ഐ.ഡി. സാമൂഹിക സുരക്ഷാ പദ്ധതികൾ, എന്തൊക്കെ കുറവുകളുള്ളവയാണവയെങ്കിലും (ഉദാ: റേഷൻ സംവിധാനം, സംവരണം, വികലാംഗ ആനുകൂല്യങ്ങൾ) തകിടം മറിക്കപ്പെടും. ഈ ക്ഷേമ പദ്ധതികളുടെ ഉപഭോക്താക്കളെ നിശ്ചയിക്കുന്നതിൽ അതിസൂക്ഷ്മ കൃത്യത പാലിക്കാനെന്ന പേരിൽ പതിയെ പതിയെ അവയുടെ പ്രായോഗികത നഷ്ടമാവും. അല്ലെങ്കിലും സബ്സിഡികൾ വെട്ടിക്കുറക്കുന്ന, സാമൂഹിക ക്ഷേമപദ്ധതികൾക്കും വിദ്യാഭ്യാസ ആരോഗ്യ മേഖലകൾക്കും ഫണ്ടനുവദിക്കാൻ പിശുക്ക് കാണിക്കുന്ന, എന്നാൽ രാജ്യ രക്ഷാ ചെലവുകൾക്കും ഗെയിംസുകൾക്കും ഒരു നിയന്ത്രണവുമില്ലാത്ത നമ്മുടെ തലതിരിഞ്ഞ ധനവ്യയ നയം

## ആധാർ (Adhaar)

**'ആധാർ'** എന്ന് പുനർനാമകരണം ചെയ്യപ്പെട്ട യു.ഐ.ഡി (Unique Identity Database) പ്രോജക്ടിന്റെ ലോഗോ മഞ്ഞ സൂര്യന്റെ നടുവിൽ പതിച്ച ഒരു വിരലടയാളമാണ്. 2010 സെപ്റ്റംബർ 29–ന് മഹാരാഷ്ട്രയിലെ നന്ദാപൂരിൽ പ്രധാനമന്ത്രി മൻമോഹൻ സിംഗും യു.പി.എ അധ്യക്ഷ സോണിയാ ഗാന്ധിയും സംയുക്തമായി പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. രാജ്യത്തെ എല്ലാ പൗരന്മാർക്കും ഒരു അതുല്യ വ്യക്തിഗത നമ്പർ (Unique Identity Number) നൽകും. പന്ത്രണ്ടക്കമുള്ള ഒരു നമ്പറായിരിക്കും ഇത്.

പദ്ധതിയുടെ നടത്തിപ്പും മേൽനോട്ടവും Unique Identification Authority of India(UIDAI)യിലാണ് നിക്ഷിപ്തമായിട്ടുള്ളത്. ഇൻഷുറൻസ് ഹെൽത്ത് കാർഡുകളെ പോലെ സ്മാർട്ട് കാർഡുകൾ നൽകുകയില്ല.

ഇപ്പോൾതന്നെ ഉള്ളവരും ഇല്ലാത്ത വരും തമ്മിലെ വിടവ് കൂട്ടാനേ സഹാ യിച്ചിട്ടുള്ളൂ. 2010 ജൂലൈ 24–ന് ദേശീയ വികസന കൗൺസിൽ യോഗത്തിൽ പ്രധാനമന്ത്രി പറഞ്ഞ വാക്കുകൾ ശ്രദ്ധിച്ചാൽ അപകടം മനസ്സിലാകും: "വരും വർഷങ്ങളിലെ ധനക്കമ്മി കുറ ക്കാൻ കൃത്യമായി ടാർജറ്റ് ചെയ്യപ്പെ ടാത്ത സബ്സിഡികൾ കുറച്ചേ തീരൂ. യു.ഐ.ഡി പ്രയോഗത്തിൽ വരുത്തുന്ന ത് ഇത് ഫലപ്രദമായി ചെയ്യാനുള്ള അവസരമാണ്."

പരോക്ഷ പ്രയോജനങ്ങളേക്കാൾ പ്രത്യക്ഷ പ്രയോജനങ്ങൾ ജനങ്ങൾക്ക് നൽകാൻ സർക്കാറിനെ യു.ഐ.ഡി സഹായിക്കും എന്നാണവകാശവാദം. സംഭവിക്കുക നേരെ തിരിച്ചായിരിക്കും. സബ്സിഡികളെ ഭയക്കുന്ന സർക്കാർ പിന്നെ പ്രത്യക്ഷ പ്രയോജനങ്ങളെ ങ്ങനെ നൽകും എന്നത് ഒരു സമസ്യ യാണ്.

നേരെ ചൊവ്വേ പറഞ്ഞാൽ ഇന്ത്യ യിലെ പൊതു വിതരണ സമ്പ്രദായം (PDS) പിഴുതുമാറ്റാനുള്ള വലിയ ഒരു തന്ത്രത്തിന്റെ ഭാഗമാണിത്. പി.ഡി.എ സിന് പകരം വരിക ഭക്ഷ്യ കാർഡു കളും 'ഭക്ഷ്യ സ്റ്റാമ്പുകളും' ആയിരി ക്കും. ഒരുതരം കമ്പ്യൂട്ടർവത്കൃത ക്യാഷ് ട്രാൻസ്ഫർ സ്കീമായിരിക്കും അത്. ഭക്ഷ്യ ശേഖരണത്തിൽനിന്നും വിതരണത്തിൽനിന്നും സർക്കാർ പൂർണമായും പിൻവാങ്ങും.

യു.ഐ.ഡി.എ ചെയർമാൻ നന്ദ ൻ നിലേകാനി, നാടിന്റെ വികസനത്തി ലെ മുൻഗണനാക്രമത്തെക്കുറിച്ച തന്റെ അജ്ഞതയാണ് പലപ്പോഴും പ്രകടമാ ക്കാറ്. ഇൻഫോസിസിൽ ജോലി ചെ യ്തതിന്റെ മാത്രം പരിചയമുള്ള അദ്ദേ ഹത്തിൽനിന്ന് പക്ഷേ രാജ്യതന്ത്രജ്ഞ തയുടെ ബഹിർസ്ഫുരണങ്ങൾ പ്രതീ ക്ഷിക്കുന്നതായിരിക്കും അബദ്ധം. അദ്ദേ ഹത്തിന്റെ വാക്കുകൾ: "ഇന്ദിരയുടെ കാലത്തെ മുദ്രാവാക്യം 'ഗരീബി ഹഠാ ഓ' എന്നായിരുന്നു. പിന്നെ അത് 'രോ ടീ, കപടാ, മകാൻ' എന്നായി. ശേഷം കഴിഞ്ഞ വർഷങ്ങളിൽ 'ബിജ്‌ലീ, സഡക്, പാനീ' എന്നും. അവയുടെ കാലവും കഴിഞ്ഞു. ഇനിയത്തെ മുദ്രാ വാക്യം 'യു.ഐ.ഡി. നമ്പർ, ബാങ്ക് അക്കൗണ്ട്, മൊബൈൽ' എന്നാകും." കഷ്ടം, ഇങ്ങനെയുണ്ടോ പാവത്താ ന്മാർ? ഇന്ത്യൻ ദാരിദ്ര്യത്തെക്കുറിച്ച് ഈ വിദ്വാന്മാർക്ക് എന്തറിയാം!?

യു.ഐ.ഡിയുടെ പേര് ആധാർ എന്നാക്കി മാറ്റിയിട്ടുണ്ട്, കൂടുതൽ ഉച്ചാ രണ അനായാസതക്ക്. ജനങ്ങളെ നിരാ ധരരാക്കാതിരുന്നാൽ മതിയായിരുന്നു ആധാർ!

(മുംബൈയിലെ ടാറ്റാ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിലെ ആർ. രാംകുമാറിനോട് കടപ്പാട്).

വാൽകഷ്ണം: വൈദ്യ വിദ്യാർഥി കൾക്ക് നൽകപ്പെടുന്ന ഒരു ഉപദേശം ഇങ്ങനെ: വാർഡിലെയോ ഒ.പിയി ലെയോ രോഗികളെ പേരു ചൊല്ലി വിളിക്കണം. അല്ലാതെ ബെഡ് നമ്പർ ഇത്രാമത്തേത്, ഇന്ന കേസ് എന്ന് പാടി ല്ല. കാരണം മനുഷ്യ മനസ്സുകളോടാണ് സംവദിക്കേണ്ടത്; അല്ലാതെ ബെഡുക ളോടോ കേസ് ഷീറ്റുകളോടോ അല്ല.

ആധാർ പറയുന്നത് തിരിച്ചായിരി ക്കും. ഓരോ പൗരനും കമ്പ്യൂട്ടറിലെ ഒരു നമ്പർ ആയി മാറും. 85310419, ....... എന്നിങ്ങനെ. അല്ലാതെ രാമൻ, ബീരാൻ, കാർത്യായനി, ഏലിയാമ്മ എന്നിങ്ങനെയല്ല. പി.സി നമ്പർ 860, 912 എന്നൊക്കെ പോലീസിലും, നമ്പർ 26, നമ്പർ 80 എന്നൊക്കെ ജയിലിലും കേൾക്കാറില്ലേ അതുപോലെ! ■

ahdanwar@gmail.com